**NIYAMADARSI** നിയമദർശി

Online Legal Journal for Laymen



16.9.2017

Published as part of legal awareness program.

Back up by Sherry Legal Associates.

www.sherryscolumn.com

# ഭക്ഷ്യ സുരക്ഷയും റേഷന് കാർഡും

ഭക്ഷ്യ സുരക്ഷ നിയമപ്രകാരമുള്ള പട്ടികയും പരാതികളും പലരും സമർപ്പിച്ചു കഴിഞ്ഞുവെങ്കിലും സർക്കാര് വെബ് സൈറ്റില് ജില്ല, തദ്ദേശ സ്ഥാപനം, വാർഡ് തലത്തിൽ പട്ടിക അറിയാന് വ്യവസ്തയുന്ടെങ്കിലും ഇപ്പോഴും അന്തിമ പട്ടിക തയ്യാറായിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും അന്തിമപട്ടിക പ്രാബല്യത്തിൽ വരുന്നത്. അതുകൊണ്ട് തന്നെ പട്ടികയിലെ പാകപ്പിഴകൾ ഇനിയും പൂർണമായി പരിഹരിക്കപ്പെട്ടിട്ടില്ല.

കേരളത്തിലെ 52.63 % ഗ്രാമ വാസികളും 39. 5 % നഗരവാസികളുമാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. അതായത് മൊത്തം ജനസംഖ്യയുടെ 46.3 % . അല്ലാതുള്ളവർ സ്റ്റേറ്റ് പ്രയോറിറ്റിയിലും മുൻഗണന ഇല്ലാത്ത പട്ടികയിലുമാണ് വന്നിരിക്കുന്നത്. നിശ്ചിത ശമാനം ആളുകൾ മാത്രമേ മുൻഗണന പട്ടികയില് ഉൾപ്പെടാവൂ. അതുകൊണ്ട് തന്നെ അനർഹമായി മുന്ഗണന പട്ടികയില് ഉള്ളവരെ ഒഴിവാക്കേണ്ടതായി വരും. അങ്ങനെയുള്ളവർക്ക് സ്വയം ഒഴിഞ്ഞുപോകാന് സർക്കാര് അവസാരം സമയബന്ധിതമായി അവസരവും നൽകിയിരുന്നു. (15.9.2017 വരെ.)

ഉയർന്ന വരുമാനകുള്ളതും, വിദേശത്ത് ജോലി ചെയ്യുന്നവര്, പൊതുമേഖല/സഹകരണ സ്ഥാപനങ്ങലിലെ ഉദ്യോഗസ്ഥര്, അധ്യാപകർ, സ്വകാര്യ സ്ഥാപന ജോലിക്കാർ, തൊഴില് നികുതി അടക്കുന്നവര്, സേവന നികുതി അടക്കുന്നവർ (സാമൂഹ്യ സുരക്ഷ പെൻഷൻകാര് ഒഴികെ), മാസം 25000 രൂപയോ അതിലധികമോ വരുമാനമുള്ള കുടുംബങ്ങള്, 1000 സ്കയര് ഫീറ്റ് ഉള്ള വീടുകള് ഉള്ളവർ ആരെങ്കിലും മുന്ഗണന പട്ടികയില് ഉള്പ്പെട്ടിടുണ്ട് എങ്കില് അവര് ശിക്ഷ നടപടികൾ നേരിടേണ്ടി വരും. അവർക്ക് തങ്ങളുടെ പേര് ഒഴിവാക്കണമെന്ന് താലൂക്ക് സപ്ലൈ ഓഫിസര്/സിറ്റി റേഷനിംഗ് ഓഫിസർക്കു സ്വയം അപേക്ഷ നൽകാന് അവസരം നൽകിയിരുന്നു. റേഷൻ കാർഡുകള് അധാരുമായി ബന്ധപെടുത്തനമെന്നതും നിർബന്ധമാണു.

| | |
|---|---|
| അന്ത്യോദയാ അന്നയോജനാ | **AAY list** |
| മുൻഗണനാ പട്ടിക | **Priority list** |
| മുൻഗണനയില്ലാത്ത പട്ടിക | **Non Priority Subsidy List** |
| പൊതുവിഭാഗം പട്ടിക | **Non Priority List** |
| സംസ്ഥാന മുൻഗണന പട്ടിക | **State Priority List** |

## മാനദണ്ഡങ്ങൾ

### 1. AAY അന്ത്യോദയ അന്ന യോജന (മഞ്ഞ കാർഡ്)

സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയാണ് ഈ പദ്ധതി. 35 Kg ഭക്ഷ്യധാന്യം (28 കിലോ അരി, 7 കിലോ ഗോതമ്പ്) പ്രതിമാസം സൗജന്യം. ഈ പദ്ധതിയുടെ മാനദണ്ഡം നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്.

മുന്നേയുള്ള AAY ലിസ്റ്റിലുള്ളവരെയും പട്ടിക വർഗക്കാരെയും ഈ പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കുന്നു.

2. മുൻഗണനാ വിഭാഗം (പിങ്ക് കാർഡ്) ( ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളത് മാർക്കാണ് )
കാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരി, 1 കിലോ ഗോതമ്പ് സൌജന്യം

a) ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർ (5)
b) ശാരീരകമോ മാനസികമായോ വൈകല്യമുള്ളവർ (10)
c) ഓട്ടിസം ബാധിച്ചവർ (5)
d) വരുമാനമില്ലാത്ത വിധവകൾ (5)
e) എയിഡ്സ് ,ക്യാൻസർ അല്ലെങ്കിൽ ഡയാലിസിസിന് വിധേയമാകുന്ന രോഗികളുള്ളവർ (5)
f) കടുത്ത രോഗങ്ങൾ മൂലം പരസഹായമില്ലാതെ ജീവിക്കാനാവാത്തവർ / കിടപ്പിലായവർ (5)
g) പട്ടിക വർഗത്തിൽപ്പെട്ടവർ (10)

മേൽപ്പറഞ്ഞ ആരെങ്കിലും ഒരു കുടുംബത്തിലുണ്ടെങ്കിൽ അവർ മുൻഗണനാ പട്ടികയിൽ വരാൻ ഏറ്റവും അർഹതയുള്ളവരായി പരിഗണിക്കപ്പെടുന്നു. എന്നാൽ അവർ മിനിമം മാർക്ക് നേടിയിരിക്കണം. (ഇപ്പോൾ 15 മാർക്ക്. ഫൈനൽ പട്ടികയിൽ മാർക്ക് കൂടുകയോ കുറയുകയോ ചെയ്യാം )

കൂടാതെ അർഹതയുണ്ടെങ്കിൽ താഴെപ്പറയുന്നതിനും മാർക്കും ലഭിക്കുന്നു.
വൈദ്യുതിയില്ല - 5
പുറംപോക്ക്/ ഭൂമിയില്ല - 10
വീടില്ല - 10
കക്കൂസില്ല - 5
500 മീറ്റർ ( മലയോര മേഖലയിൽ 100 മീറ്റർ) പരിധിയിൽ കുടിവെള്ളമില്ല - 5
കുടിൽ - 7
ഓലമേഞ്ഞ വീട് - 5
ജീർണിച്ച വീട് - 3
65 വയസ്സിന് മുകളിലുള്ള ഓരോ അംഗത്തിനും - 5

കൂലി പണിയടക്കം പരമ്പരാഗത, ദിവസ വേതന ജോലിയെടുക്കുന്ന എല്ലാ അംഗങ്ങൾക്കും കൂടി - 10 ( ഇത്തരം തൊഴിലിൽ ഏർപ്പെടുന്ന ഒരംഗമായാലും ഒന്നിലധികം അംഗമായാലും ആകെ 10 മാർക്ക് മാത്രമേ ലഭിക്കൂ )

ജോലിയില്ലാത്ത അംഗത്തിന് ഓരോർത്തർക്കും 5 മാർക്ക് വീതം.

ഗവൺമെന്റ് ഉത്തരവിലുള്ളത് ," സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, സ്വകാര്യ മേഖയിലോ സ്ഥിരവരുമാനമുള്ള തൊഴിലാല്ലാത്തവർക്ക് 5 മാർക്ക് എന്നാണ്. "

സ്ഥിരവരുമാനമുള്ള തൊഴിൽ ഇല്ലാത്തവർ എന്നതിനർത്ഥം താത്ക്കാലിക അടിസ്ഥാനത്തിലോ, ദിവസ വേതന അടിസ്ഥാനത്തിലോ വരുമാനമുള്ള തൊഴിലിൽ ഏർപ്പെട്ടവർ എന്നതാണ്. ഇനി അർത്ഥം എന്തു തന്നെയായാലും കുടുബത്തിലുള്ള ഓരോ തൊഴിൽ രഹിതർക്കും 5 മാർക്ക് കിട്ടുന്നു.

**AAY ലിസ്റ്റിലോ മുൻഗണനാ പട്ടികയിലോ ഉൾപ്പെട്ട ഒരു കുടുംബത്തിനോ കുടുംബാംഗങ്ങളിൽപ്പെട്ട ആർക്കെങ്കിലുമോ താഴെപ്പറയുന്ന എന്തെങ്കിലും ഉണ്ടെന്നു കണ്ടെത്തിയാൽ അവരെ അനർഹരായി കണക്കാക്കും.**

a) കേന്ദ്ര, സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, എയിഡഡ്, ബാങ്ക്, പൊതുമേഖലാ, സഹകരണ മേഖല ഉദ്യോഗം അല്ലെങ്കിൽ പെൻഷൻ (clas IV ജോലിയുള്ള പട്ടിക വർഗക്കാർക്ക് ബാധകമല്ല)
b) ഇൻകം ടാക്സ് അടവ്
c) കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ വസ്തു (പട്ടിക വർഗക്കാർക്ക് ബാധകമല്ല)
d) 600 cc യിൽ മുകളിലുള്ള നാലുചക്ര വാഹനം (ഓട്ടോ റിക്ഷയ്ക്ക് ബാധകമല്ല)
e) കുടുംബത്തിന് മാസം 25000 രൂപയ്ക്ക് മുകളിൽ വരുമാനം.

### 3. മുൻഗണന ഇല്ലാത്ത വിഭാഗം. Non priority subsidy

(നീല കാർഡ്)
(പൊതുവിഭാഗം സബ്സിഡി)
കാർഡിലെ ഓരോ അംഗത്തിനും 2 കിലോ അരി കിലോഗ്രാമിന് 2 രൂപ നിരക്കില് കാർഡിന് 1 കിലോ ആട്ട 15 രൂപയ്ക്കു ലഭിക്കും.
കുറഞ്ഞ മാർക്കായ 15 മാർക്ക് നേടാതെ പോയവരോ മുകളിൽ പറഞ്ഞിട്ടുള്ള a മുതൽ e വരെയുള്ള എന്തിലെങ്കിലും ഉൾപ്പെട്ടവരോ ആണ് മുൻഗണന ഇല്ലാത്ത വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർ ദാരിദ്ര്യ സൂചകങ്ങളുടെ മുകളിലുള്ളവരായി പരിഗണിക്കപ്പെടുന്നു എന്നുള്ളത് കൊണ്ട് സാധാരണയായി സർക്കാറിന്റെ ചികിത്സാ നുകൂല്യമടക്കം സുരക്ഷാ പദ്ധതിയിലൊന്നും ഇവർ പരിഗണിക്കപ്പെടാറില്ല. ഭക്ഷ്യ സുരക്ഷാ നിയമം 2013 അനുസരിച്ച് റേഷൻ ആനുകൂല്യങ്ങൾക്കും ഇവർക്ക് അർഹതയില്ല.

### 4. പൊതു വിഭാഗം Non priority വെള്ള കാർഡ്

അരി കിലോഗ്രാമിന് 8.90 രൂപ നിരക്കില്, ഗോതമ്പ് കിലോഗ്രാമിന് 6.70 രൂപ നിരക്കിൽ, 2 കിലോ ആട്ട 15 രൂപ കിലോ (ലഭ്യത അനുസരിച്ച്)

### 5. സംസ്ഥാന മുൻഗണനാ വിഭാഗം State priority list.

മുൻഗണന ഇല്ലാത്ത പട്ടികയിൽ പെട്ടുപോയ മാരക രോഗങ്ങളുള്ളവരെ ലക്ഷ്യമാക്കി, നിലവിൽ അവർക്ക് ചികിത്സാനുകൂല്യം നൽകാൻ വേണ്ടി മാത്രം തയ്യാറാക്കപ്പെട്ടിട്ടുള്ള ഒരു പട്ടികയാണ്.
സിവിൽ സപ്ലയിസ് വകുപ്പിന്റെ താഴെയുള്ള ലിങ്കില് നിലവിലെ റേഷന് കാർഡ് വിവരം പരിശോധിക്കാം. (ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും അന്തിമപട്ടിക പ്രാബല്യത്തിൽ വരുന്നത്)
http://115.124.107.85/E-Rcms/index.php/c_view_ranklist